ങ്ങളുടെയും, സർക്കാരിൽ നിന്ന് നൽകിയ ധനസഹായത്തിന്റെയും, വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) പരിശോധിക്കുന്നതാണ്.

(ഇ ആന്റ് എഫ്) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

98 [1278] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും അവയിൽ ഓരോന്നും കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടാക്കിയ ലാഭം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നഷ്ടം ഇല്ലാതാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ;

(ഡി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങളിൽ സർക്കാർ ആവശ്യങ്ങൾക്ക് വില്പന നടത്തിയിരുന്നവയിൽ ഈ സർക്കാർ വന്നതിനുശേഷം എന്തു കുറവുണ്ടായിട്ടുണ്ട്; എത്രയെന്ന് ഓരോന്നും തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് തുടർച്ചയായി ധനസഹായം നൽകിയിട്ടും കൂടുതൽ നഷ്ടം ഉണ്ടാക്കിയവയിൽ പൊതു ഖജനാവിന് ഇനിയും കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാനായി ജീവനക്കാരെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൽ കീഴിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നതിനുശേഷം മുഴുവൻ പ്രവർത്തനവും നിർത്തലാക്കാൻ തീരുമാനിച്ച സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്.

(2) കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് .

(3) കേരള സിറാമിക്സിന്റെ പോഴ്സലിൻ ഡിവിഷൻ.

(4) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്.

(5) കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ്.

(6) മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്.

(7) കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്.

(8) സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്.

(9) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ഒലവക്കോട് യൂണിറ്റ്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ വാണിജ്യപരമായി മത്സരക്ഷമതയുള്ളതാക്കത്തക്ക വിധത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായിട്ടാണ് ശ്രീ. ആർ. സി. ചൗധരി അദ്ധ്യക്ഷനായി എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി സർക്കാർ രൂപീകരിച്ചത്. കമ്മിറ്റിയുടെ വിശദമായ പഠന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി മാത്രമേ ഓരോ പൊതുമേഖലയുടെയും നവീകരണം സംബന്ധിച്ച് തീരുമാനം എടുക്കുകയുള്ളു. കഴിവതും സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പുനരുദ്ധരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണവും സർക്കാർ പരിശോധിക്കുന്നതാണ്. സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി റിയാബിനെ (പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly